"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് - FSSAI യും സംസ്ഥാന സർക്കാരും ഒപ്പ വച്ച MoU - വർക്ക് പ്ലാൻ 2023-24 - വിവിധ ഭക്ഷ്യസുരക്ഷാ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് - സംസ്ഥാന വിഹിതമായ 4,48,78,000/- രൂപ റിലീസ് ചെയ്തു - ഉത്തരവാകുന്നു.

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1388/2024/H&FWD തീയതി,തിരുവനന്തപുരം, 10-06-2024

പരാമർശം:-
1. സ.ഉ.(സാധാ)നം.240/2024/ധന തീയതി 09.01.2024
2. സ.ഉ.(സാധാ)നം.799/2024/ആ.കു.വ. തീയതി 15.03.2024
3. ഭക്ഷ്യസുരക്ഷാ കമ്മീഷ്ണറുടെ 16.04.2024 തീയതിയിലെ CFS/2756/2022-C1 എന്ന നമ്പർ കത്ത്
4. സ.ഉ.(സാധാ)നം.3887/2024/ധന തീയതി 06.05.2024

**ഉത്തരവ്**

2023-24 മുതൽ 2025-26 കാലയളവിലേയ്ക്ക് FSSAI (Food Safety and Standards Authority of India)-യും സംസ്ഥാന സർക്കാരും ഒപ്പ വച്ച MoU-നെ അടിസ്ഥാനമാക്കിയുള്ള വർക്ക് പ്ലാൻ 2023-24 പ്രകാരം 1218.3336 ലക്ഷം രൂപയുടെ FSSAI വിഹിതവും 812.2224 ലക്ഷം രൂപയുടെ സംസ്ഥാന വിഹിതവും (60:40 അനുപാതത്തിൽ) ഉൾപ്പെടെ മൊത്തം 2030.556 ലക്ഷം രൂപയുടെ (1603.256 ലക്ഷം രൂപ ഗ്രാന്റ് ഇൻ എയിഡ് റവന്യൂ ആയും, 427.30 ലക്ഷം രൂപ as ഗ്രാന്റ് ഇൻ എയിഡ് ക്യാപിറ്റൽ ആയും) പദ്ധതികൾക്ക്/ പ്രവർത്തനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷത്തെ വർക്ക് പ്ലാനിൽ FSSAI-യുടെ അംഗീകാരം ലഭിച്ചിരുന്നു. ഇതിൻ പ്രകാരം FSSAI വിഹിതമായി മൊത്തം 1217.6688 ലക്ഷം രൂപ നവംബർ 2023, മാർച്ച് 2024 മാസങ്ങളിലായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലേയ്ക്ക് റിലീസ് ചെയ്തു നൽകിയിരുന്നു. 2023-24 സാമ്പത്തിക വർഷത്തിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റും മേൽ പരാമർശം 1-ലെ ഉത്തരവും പ്രകാരം 2210-06-107-87-02-00-00-PV ശീർഷകത്തിൽ മൊത്തം 812.23 ലക്ഷം രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചിരുന്നു. മേൽ പരാമർശം 2-ലെ ഉത്തരവ് പ്രകാരം 2023-24 വർക്ക് പ്ലാൻ പ്രവർത്തനങ്ങൾക്ക് ആകെ 2030.556 ലക്ഷം രൂപയുടെ (FSSAI വിഹിതം - 1218.2224 ലക്ഷം രൂപയും സംസ്ഥാന വിഹിതം 812.2224 ലക്ഷം രൂപയും) സമഗ്രഭരണാനുമതി നൽകുകയും ചെയ്തിരുന്നു. MoU-ലെ Clause 5.2 പ്രകാരം സംസ്ഥാന വിഹിതത്തിന്റെ ആദ്യഗഡുവായി 363 ലക്ഷം ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണെന്നും എന്നാൽ രണ്ടാമത്തെ ഗഡുവായ 448.78 ലക്ഷം രൂപ ടി അക്കൌണ്ടിലേയ്ക്ക് മാറ്റുന്നതിന് വെയിസ് & മീൻസ്-ന്റെ അനുമതി ലഭിച്ചിരുന്നില്ലെന്നും മേൽ പരാമർശത്തിലെ കത്ത് പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ അറിയിച്ചിരുന്നു. MoU -ലെ Clause 5.2 പ്രകാരം സംസ്ഥാന വിഹിതം മുഴുവനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലേയ്ക്ക് അടിയന്തിരമായി

മാറ്റേണ്ടതുള്ളതിനാൽ 2024-25 സാമ്പത്തിക വർഷം 2210-06-107-87-02-00-00-PV ശീർഷകത്തിൽ ബഡ്ജെറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 4,00,00,000/- രൂപയ്ക്ക് പുറമേ ആവശ്യമായ 48,78,000 രൂപ (രൂപ നാൽപ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിയെട്ടായിരം മാത്രം) കൂടെ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 മുതൽ 2025-26 കാലയളവിലേയ്ക്ക് FSSAI-യും സംസ്ഥാന സർക്കാരും ഒപ്പ വച്ച MoU-ന്റെയും മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട 2023-24 വർക്ക് പ്ലാൻ പ്രവർത്തനങ്ങൾക്ക് നൽകിയ സമഗ്ര ഭരണാനുമതിയുടെയും അടിസ്ഥാനത്തിൽ, FSSAI അംഗീകരിച്ച 2023-24 വാർഷിക വർക്ക് പ്ലാൻ പ്രകാരം സംസ്ഥാനത്തിൽ വിവിധ ഭക്ഷ്യസുരക്ഷാ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി, ആകെ **4,48,78,000/- രൂപ (നാല് കോടി നാല്പ്പത്തിയെട്ട ലക്ഷത്തി എഴുപത്തിയെട്ടായിരം രൂപ മാത്രം) '2210-06-107-87-02-സംസ്ഥാന വിഹിതം- (പ്ലാൻ)'** ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽ നിന്നും ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് റിലീസ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ആവശ്യത്തിലേക്കായി, ബഡ്ജെറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപയ്ക്ക് പുറമേ ആവശ്യമായ 48,78,000 രൂപ (നാൽപ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിയെട്ടായിരം രൂപ മാത്രം) മേൽ പരാമർശം 4-ലെ ഉത്തരവ് പ്രകാരം അധികധനാനുമതി മുഖേന അനുവദിച്ചിട്ടുള്ളതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഭക്ഷ്യസുരക്ഷാ കമ്മീഷണർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (നം.(E.1844663):HLT-A1/141/2021-FIN തീയതി 14.05.2024)
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ് (നം.PLGEA-A1/36/2023-PLGEA തീയതി 28.02.2024 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
Date: 10-06-2024 15:21:15
സെക്ഷൻ ഓഫീസർ